**വിവരാവകാശം/മറുപടി**

നം. G2-24/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 10.01.2019.
Email - swdkerala@gmail.com
Phone : 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീമതി. അനീറ്റ ജേക്കബ്,
വാതല്ലൂർ (വീട്),
പച്ചടി പി.ഒ., കട്ടക്കാല - 685 553
ഇടുക്കി.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 28.12.2018 തീയതിയിലെ വിവരാവകാശ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്ത് പ്രകാരം താങ്കൾ വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷയോടൊപ്പം താങ്കൾ ഫീസ് ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ താങ്കളുടെ അപേക്ഷയിൻമേലുള്ള മറുപടി താങ്കൾക്ക് ലഭ്യമാകുന്നതിന് 10/- രൂപ അപേക്ഷാ ഫീസ് ഒടുക്കിയ അസ്സൽ രസീത് ഹാജരാക്കേണ്ടതാണ്. ചുവടെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ ഫീസ് ഒടുക്കിയ രസീത് മാത്രമേ സ്വീകരിക്കുകയുള്ളൂ.

1. 10/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ്.
2. 0070-60-118-99-2005 എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഫീസ് ഒടുക്കിയ അസ്സൽ ചെലാൻ.
3. സംസ്ഥാന പൊതു/അസിസ്റ്റന്റ് വിവരാവകാശ ഓഫീസറുടെ ഓഫീസിൽ പണം അടച്ച രസീത്.

AN

4. സംസ്ഥാന പൊതു വിവരാവകാശ ഓഫീസർ/അസിസ്റ്റന്റ് പൊതു വിവരാവകാശ ഓഫീസറുടെ പേരിൽ ഡി.ഡി., ബാങ്കേഴ്സ് ചെക്ക്, പേ ഓർഡർ എന്നിവ മുഖാന്തിരം പണം ഒടുക്കിയ രസീത്.

5. താങ്കൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വ്യക്തിയാണെങ്കിൽ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

AN